**കേരള സർക്കാർ**

**സംഗ്രഹം**

യാത്രാബത്ത – തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണലിന്റെയും ബഞ്ച് ക്ലാർക്കിന്റെയും യാത്രാബത്ത പരിധി വർദ്ധിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

ധനകാര്യ (വ്യയം-സി) വകുപ്പ്

സ.ഉ. (കൈ) നം. 151/2018/ധന തീയതി, തിരുവനന്തപുരം, 20/04/2018

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം: 1. സ.ഉ. (പി) നം. 137/2016/ധന, തീയതി 09/09/2016.

2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ സെക്രട്ടറിയുടെ 05/08/2017, 12/01/2018, 18/03/2018 എന്നീ തീയതികളിലെ നം. 133/A1/TLGIs/2017 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം സർക്കാർ ഉദ്യോഗസ്ഥരുടെ ഗ്രേഡിന്റേയും അധികാരപരിധിയുടേയും അടിസ്ഥാനത്തിൽ പ്രതിമാസ / ത്രൈമാസ യാത്രാബത്ത പരിധി പുതുക്കി നിശ്ചയിച്ച് ഉത്തരവായിരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക വേണ്ടിയുള്ള ട്രൈബ്യൂണലിന്റെ ക്യാമ്പ് സിറ്റിംഗ് എല്ലാമാസവും കോഴിക്കോട്, എറണാകുളം ജില്ലകളിൽ നടന്നുവരുന്നതായും ട്രൈബ്യൂണലിനും ബഞ്ച് ക്ലാർക്കിനും ക്യാമ്പ് സിറ്റിങ്ങിൽ പങ്കെടുക്കേണ്ടതിനാൽ അനുവദനീയമായ പ്രതിമാസ / ത്രൈമാസ പരിധി അപര്യാപ്തമാണെന്നും ആയതിനാൽ ട്രൈബ്യൂണലിന്റെ എറണാകുളം, കോഴിക്കോട് ജില്ലകളിലെ ക്യാമ്പ് സിറ്റിങ്ങിന്റെ സുഗമമായ പ്രവർത്തനം ഉറപ്പ് വരുത്തുന്നതിനായി പ്രതിമാസ / ത്രൈമാസ യാത്രാബത്ത പരിധി ഉയർത്തി നൽകുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം ട്രൈബ്യൂണലിന്റെ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണലിന്റെയും ബഞ്ച് ക്ലാർക്കിന്റെയും മാത്രം പ്രതിമാസ / ത്രൈമാസ യാത്രാബത്ത പരിധി നിലവിലുള്ളതിന്റെ അമ്പതു ശതമാനം വർദ്ധിപ്പിച്ച് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം).

**ഡോ.ഷർമിള മേരി ജോസഫ് IAS**
**സെക്രട്ടറി (ധനകാര്യ എക്സ്പെൻഡിച്ചർ)**

To

1. അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.
2. അക്കൗണ്ടൻറ് ജനറൽ (എ&ഇ / ആഡിറ്റ്) കേരള. തിരുവനന്തപുരം

3. അക്കൗണ്ടൻറ് ജനറൽ (ഇ&ആർ.എസ്.എ) കേരള. തിരുവനന്തപുരം
4. സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ
5. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
6. ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അണ്ടർ സെക്രട്ടറി
7. ധനകാര്യ (വ്യയം) സെക്രട്ടറിയുടെ പി.എ
8. ധനകാര്യ (റിസോഴ്സസ്) സെക്രട്ടറിയുടെ പി.എ
9. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Ranjit

സെക്ഷൻ ഓഫീസർ

www.finance.gov.in